പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1365 — 04/12/2014 -ൽ മറുപടിക്ക്

**<u>ഭൂമിയുടെ ന്യായവില ഉയർത്തിയതു മൂലമുള്ള ബുദ്ധിമുട്ട്</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 2013-14 വർഷത്തിൽ ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും രജിസ്ട്രേഷൻ ഫീസ് ഇനത്തിലും ലഭിച്ച വരുമാനം എത്രയാണ്; | എ) 2013-14 സാമ്പത്തിക വർഷം ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 1577.5 കോടി രൂപയും രജിസ്ട്രേഷൻ ഫീസിനത്തിൽ 775.99 കോടി രൂപയും ഉൾപ്പെടെ 2353.49 കോടി രൂപ വരുമാനം ലഭിച്ചു. |
| ബി) ഭൂമിയുടെ ന്യായവില 50% ഉയർത്തിയതിനാൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ എത്ര അധിക വരുമാനമുണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത് ; | ബി) ഭൂമിയുടെ ന്യായവില 50% ഉയർത്തിയതിലൂടെ 722 കോടി രൂപയുടെ അധികവാർഷിക വരുമാനം പ്രതീക്ഷിക്കുന്നു. |
| സി) ഭൂമിയുടെ ന്യായവില 50% ഉയർത്തിയത്, 10 സെന്റും അതിനു താഴെയും ഭൂമി വാങ്ങി ഗ്രാമീണ മേഖലയിൽ വീടു വയ്ക്കാൻ ആഗ്രഹിക്കുന്ന സാധാരണക്കാരായ ജനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സാധാരണക്കാരുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ ? | സി) ഫെയർവാല്യൂ വസ്തുവിന്റെ 2006-ലെ മാർക്കറ്റ് വിലയുടെ 50% ആയി വരത്തക്കവിധം നിർണ്ണയിച്ചാണ് 2010-ൽ വിജ്ഞാപനം ചെയ്തിരുന്നത്. മാർക്കറ്റ് വില ഗണ്യമായി ഇതിനുശേഷം വർദ്ധിച്ചിട്ടുണ്ട്. ജനങ്ങളെ ന്യായവില വർദ്ധനവ് കാരണം കൂടാതെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ, ജില്ലാ കളക്ടർ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിന് ഒരവസരം കൂടി നൽകിയിട്ടുണ്ട്. ന്യായവില സംബന്ധിച്ച് നേരത്തേ സമർപ്പിച്ച അപ്പീലിലെ തീരുമാനം സ്വീകാര്യമല്ലാത്തവർക്ക് 2015 നവംബർ 13-നുള്ളിൽ ജില്ലാ കളക്ടർക്ക് റിവ്യൂ ഹർജി നൽകാം. ജില്ലാ കളക്ടർ അതിൻമേൽ നിശ്ചിതസമയത്തിനകം തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.